# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 10.11.2021 മുതൽ 14.11.2021 വരെ)

## കോഴിക്കോട് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.കെ.ഡി. 90/2021 | തീയ്യതി: 09/11/2021 |
|---|---|

എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 53.3 | 33.5 – 30.6 | 25.9 – 22.5 | 95 – 70 | 14 - 00 |

ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 10-11-21 | 11-11-21 | 12-11-21 | 13-11-21 | 14-11-21 |
|---|---|---|---|---|---|
| മഴ, മി.മീ | 20 | 40 | 40 | 20 | 20 |
| കൂടിയ താപനില, °C | 32 | 32 | 33 | 33 | 33 |
| കുറഞ്ഞ താപനില, °C | 24 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 72 | 72 | 72 | 72 | 72 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 6 | 10 | 12 | 16 | 8 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 230 | 230 | 320 | 290 | 230 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 7 |

സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | **ദിവസം- 2, 3, 4ൽ ഒറ്റപ്പെട്ട കനത്ത മഴ മഴ ലഭിക്കും** | | |
| | **എല്ലാ ദിവസങ്ങളിലും മിതമായ മഴ ലഭിക്കും.**<br>**ദിവസം- 2, 3, 4ൽ ജില്ലയുടെ ചിലഭാഗങ്ങളിൽ കനത്ത മഴ (70 മുതൽ 110 മീ .മീ വരെ) ഉണ്ടായേക്കും.**<br>പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലിയും അനുഭവപ്പെടും. ഉയർന്ന അന്തരീക്ഷ ആർദ്രതയും അനുഭവപ്പെടും<br>**വിസ്തൃത മഴ പ്രവചനം: അടുത്തയാഴ്ചയിൽ ശരാശരിമഴയുണ്ടാകും.** | | |

| | | | |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | കൃഷിയിടങ്ങളിൽ പരമാവധി നീർവാർച്ച ഉറപ്പു വരുത്തുക.<br><br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br><br>വാഴ പച്ചക്കറികൾ എന്നിവ താങ്ങുകൾ നല്കി സംരക്ഷിക്കുക.<br><br>കന്നുകാലികളെ തുറന്ന സ്ഥലത്ത് കെട്ടിയിടുകയോ മേയാൻ അനുവദിക്കുകയോ ചെയ്യരുത്. അവയെ ശക്തി കുറഞ്ഞ മേൽ കൂരകൾക്കടിയിൽ പാർപ്പിക്കരുത്<br><br>കുഷിയിടങ്ങളിൽ ജോലി ചെയ്യുന്നവർ ഇടിമിന്നലിനെ ശ്രദ്ധിക്കുക. മരത്തണലിലോ ബലക്ഷയം വന്ന കെട്ടിടങ്ങളിലോ വിശ്രമിക്കരുത്<br><br>**മഴ ശമിക്കുമ്പോൾ വിളകളുടെ ചുവട്ടിലെ മണ്ണ് ലഘുവായി കിളക്കുന്നത് വേരിനു വായു ലഭിക്കുന്നതിന് സഹായകരമാകും** | | |
| തെങ്ങ്/ കവുങ്ങ് /ഫല വൃക്ഷങ്ങൾ | തൈകൾ | **കുഴികൾക്കു ചുറ്റും വരമ്പ് തീർത്തു മഴവെള്ളം ഒലിച്ചിറങ്ങാതെ സംരക്ഷിക്കുക.** തടങ്ങളിൽ കെട്ടി നിൽക്കുന്ന വെള്ളം ഇടയ്ക്കിടെ മാറ്റി മണ്ണ് ഇളക്കി വായു സഞ്ചാരം ഉറപ്പാക്കുക. | |
| തെങ്ങ് | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്<br> | രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക. 1 % വീര്യമുള്ള ബോർഡോ മിശ്രിതം (40 ലിറ്റർ വീതം) 2 മീറ്റർ ചുറ്റളവിൽ തെങ്ങിൻ തടത്തിൽ ഒഴിച്ച് കൊടുക്കുക.അല്ലെങ്കിൽ ഹെക്സകൊണാസോൾ/ കോൺടാഫ് 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി മണ്ണിൽ ഒഴിച്ച് കൊടുക്കുക.<br><br>ഒരു മാസത്തിനു ശേഷം 5 കി ഗ്രാം ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക് 500 ഗ്രാം വീതം സൂക്ഷ്മ മൂലക മിശ്രിതം, എന്നിവ തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക.<br><br>രോഗം സ്ഥിരമായി കാണുന്ന ഇടങ്ങളിൽ കുമിൾ നാശിനി തടത്തിൽ കുതിർക്കുന്നത് 4 മാസ ഇടവേളകളിൽ ആവർത്തിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | ഇല ചീയൽ<br> | 1% ബോഡോ മിശ്രിതമോ 0.03% കോപ്പർ ഓക്സി ക്ലോറൈഡോ തളിക്കുക. കൂടാതെ മഞ്ഞളിപ്പ് രോഗത്തിന് പറഞ്ഞ പ്രതിവിധികൾ നിർബന്ധമായും അവലംബിക്കുക. |
| കശുമാവ് | തളിരിടുന്ന സമയം | തേയില കൊതുക്<br> | മുൻകരുതലായി ബുവേറിയ ബേസിയാന കുമിൾ 20g/l എന്നതോതിൽ തളിക്കുക.<br><br>അല്ലെങ്കിൽ<br><br>ക്വിനാൽഫോസ് (2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ) തളിക്കുക. |

| | | | |
|---|---|---|---|
| കശുമാവ് | പുതു നാമ്പ് വരുന്ന ഘട്ടം | തടിതുരപ്പൻ  | 5 വർഷത്തിന് മുകളിൽ പ്രായമായ മരങ്ങളിൽ മുൻകരുതലായി ടാർ - മണ്ണെണ്ണ മിശ്രിതം (1:2അനുപാതത്തിൽ) ചെളിയുമായി ചേർത്ത് മണ്ണിനു മുകളിൽ കാണുന്ന വേരുകളിലും തടിയുടെ അടി ഭാഗത്തു മണ്ണിൽ നിന്ന് ഒന്നര മീറ്റർ ഉയരം വരെയും പുറമെ പുരട്ടുക |
| പാവയ്ക്ക | വളർച്ചാ ഘട്ടം | ബാക്റ്റീരിയൽ വിൽറ്റ്  | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. സ്ട്രെപ്റ്റോസൈക്ലിൻ ഗുളിക ഒരെണ്ണം 2ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തളിച്ച് കൊടുക്കുക. |
| വഴുതന | കായ പിടിക്കുന്ന ഘട്ടം | തണ്ടുതുരപ്പൻ  | കീടം ആക്രമിച്ച ഭാഗങ്ങൾ നശിപ്പിക്കുക. ക്ലോറാൻട്രെനിലിപ്രോൾ (കൊറാജെൻ) 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. തളിക്കുമ്പോൾ പാടത്തിന്റെ പുറത്തു നിന്നും ഉള്ളിലേക്ക് എന്ന രീതിയിൽ തളിക്കാൻ ശ്രദ്ധിക്കുക. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി